# ഇന്ത്യ എങ്ങോട്ട്?

ഡോ. സന്ദീപ് പാണ്ഡെ

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ മുഖ്യധാരയുടെ ഒരു പ്രധാന ലക്ഷ്യം നമ്മുടെ സമൂഹത്തിൽ തുല്യത ഉണ്ടാക്കുക എന്നതായിരുന്നു. നമ്മുടെ രാജ്യത്തെ എല്ലാ കുടുംബങ്ങളും സ്വയം പര്യാപ്തത കൈവരിക്കുമെന്നും അവർക്ക് ജീവിച്ചുപോകുവാനുള്ള വരുമാനം നൽകുന്ന ഒരു തൊഴിൽ അവർക്കുണ്ടാകുമെന്നും അങ്ങനെ അന്തസ്സോടുകൂടി അവർക്ക് നമ്മുടെ സമൂഹത്തിൽ സ്വൈര്യജീവിതം നയിച്ചു പോകുവാൻ കഴിയുമെന്നും, അതുവഴി അവർ പരസ്പരം ബഹുമാനിക്കാൻ പഠിക്കുകയും ചെയ്യും. അങ്ങനെ എല്ലാവിധത്തിലും ശാന്തമായ ഒരു അന്തരീക്ഷത്തിൽ നിർഭയരായി കഴിയുവാൻ നമ്മുടെ രാജ്യത്തെ ഓരോ പൗരനും സാധിക്കും. നാനാവിധത്തിലുള്ള ആശയങ്ങളോട് പരസ്പര ബഹുമാനം പുലർത്താൻ നമുക്ക് കഴിയും. ഭാവിയിൽ ഭാരതം ലോകത്തെ മുഴുവൻ ശാന്തിയുടെയും സമാധാനത്തിന്റെയും നിരായുധവത്കരണത്തിന്റെയും പാതയിലേക്ക് നയിക്കും. അതുവഴി മനുഷ്യത്വത്തിനും നീതിക്കും പ്രാധാന്യം നൽകിയിട്ടുള്ള ഒരു ലോകത്തെ നമുക്ക് ആഗോളതലത്തിൽ വാർത്തെടുക്കുവാൻ സാധിക്കും എന്ന പ്രതീക്ഷയിലാണ് അന്ന് സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ ഓരോ മഹത് വ്യക്തിയും സ്വപ്നം കണ്ടത്.

സ്വതന്ത്രഭാരതത്തിന്റെ ആദ്യ പ്രധാനമന്ത്രിയായ നെഹ്റു സ്വീകരിച്ച പല നയങ്ങളും ഗാന്ധിജിയുടെ നയങ്ങൾക്കെതിരായിരുന്നു. ഇത് പിന്നീട് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക നയങ്ങളായ ഉദാരവത്ക്കരണത്തിനും, പൊതുവത്കരണത്തിനും, ആഗോളവത്കരണത്തിനും വഴിയൊരുക്കി. നമ്മുടെ രാജ്യത്ത് രണ്ട് തരത്തിലുള്ള വികസനത്തിന് വഴിയൊരുക്കി. സമൂഹത്തിലെ ഉന്നത സാമ്പത്തിക സ്ഥിതിയുള്ളവർക്ക് മാത്രമാണ് അന്നത്തെ പൊതുവിപണിയിലെ ഉപഭോക്താവാകാൻ സാധിച്ചിരുന്നത്. ഇത്തരത്തിൽ സമ്പന്നരായ വ്യക്തികൾക്കു മാത്രം കൈകടത്തുവാൻ കഴിയുന്ന ഒരു വിണിയാണ് അന്നത്തെ വ്യവസായ പ്രമുഖർ ഉണ്ടാക്കിയിരുന്നത്. ഈ പ്രതിഭാസം തന്നെയാണ് അമേരിക്കൻ സമൂഹത്തിലും നടന്നുകൊണ്ടിരിക്കുന്നത്. അവിടെ ആരുംതന്നെ പ്രപഞ്ചത്തിൽ വരാവുന്ന മാറ്റങ്ങളെ കുറിച്ചോ ആഗോളപരമായി ജീവിതശൈലിയിൽ വരുന്ന മാറ്റങ്ങളെ കുറിച്ചോ ബോധവാന്മാരായിരുന്നില്ല. പക്ഷെ മറ്റൊരു തരത്തിൽ നോക്കുകയാണെങ്കിൽ നമ്മുടെ രാജ്യത്തിലെ ഭൂരിപക്ഷം പേരും പാവപ്പെട്ടവരാണ്. ഇത്തരത്തിൽ മോശം സാമ്പത്തിക സ്ഥിതിയുള്ള ഒരു ശരാശരി ഇന്ത്യക്കാരന് ഒരിക്കലും ആഗള വിപണിയുടെ ഭാഗമാകാൻ സാധിച്ചിരുന്നില്ല. രാജ്യത്തെ നിയമനിർമാണസഭ തന്നെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമെന്ന വണ്ണം രാജ്യത്ത് തൊഴിൽ വാഗ്ദാനം ചെയ്യുന്ന ഒരു നിയമം ദേശീയ തൊഴിൽ സുരക്ഷാ പദ്ധതി കൊണ്ടുവന്നിട്ടുണ്ട്. ഈ നിയമം യന്ത്രവൽകരണത്തിനെതിരാണ്. യന്ത്രങ്ങൾ ഉപയോഗിച്ച് ചെയ്യുന്ന എല്ലാ തൊഴിലിനെയും ഈ നിയമം വിലക്കുന്നു. കാരണം ഇത്തരത്തിലുള്ള യാന്ത്രികമായ വളർച്ച നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ വർദ്ധിപ്പിക്കും. അത് പാവപ്പെട്ട ജനങ്ങൾക്ക് വലിയ തിരിച്ചടിയുമാകും. രാജ്യത്തെ ഉന്നതരായ ഉദ്യോഗസ്ഥരുടെ ശമ്പളം വെട്ടിക്കുറയ്ക്കുന്നതിനെതിരെ അവർ പ്രതിഷേധം ഉയർത്തുമ്പോഴും നമ്മുടെ സാധാരണക്കാരായ ഒരു ശരാശരി ഇന്ത്യൻ പൗരന് ലഭിക്കുന്നത് ദിവസക്കൂലി തന്നെയാണ്. അങ്ങനെ നോക്കുകയാണെങ്കിൽ 2 തരത്തിലുള്ള നയങ്ങൾ ഉണ്ട്. ഈ പറഞ്ഞ നയങ്ങളിൽ ഒന്ന് നിയന്ത്രണമില്ലാത്ത വളർച്ചയും മറ്റൊന്ന് സമ്മർദ്ദമില്ലായ്മയുമാണ്.

ഇതിന് സാമ്പത്തിക ശേഷിയുമായി യാതൊരു ബന്ധവുമില്ല. ഇത് മനുഷ്യജീവിതത്തിന്റെ മറ്റ് പല ഭാഗങ്ങളിലേക്കും നീളുന്നു. രാജ്യത്തെ നല്ലൊരു ഭാഗം സർക്കാർ സ്കൂളുകളെ എതിർത്തുവരുന്ന ഒരു പ്രവണതയാണ് 1960 മുതൽ കണ്ട് വരുന്നത്. സർക്കാർ സ്കൂളുകളിൽ തൊഴിൽ ചെയ്യുന്ന ഉദ്യോഗസ്ഥരുടെ മക്കൾ പലരും പഠിക്കുന്നത് സ്വകാര്യ സ്ഥാപനങ്ങളിലാണ്. ഇതു തന്നെയാണ് നമ്മുടെ രാജ്യത്തിന്റെ ആരോഗ്യപരിപാലനരംഗത്തും. കുടിവെള്ളവിതരണരംഗത്തും ഗതാഗതരംഗത്തും നടന്നുകൊണ്ടിരിക്കുന്നത്. പണമുള്ളവന് ഏതു തരത്തിലുള്ള സേവനവും നൽകുവാനുള്ള പരിതസ്ഥിതി ഇന്ന് നമ്മുടെ രാജ്യത്ത് സംജാതമാണ്. യാത്രയ്ക്കുവേണ്ടി കൂടുതൽ പണം മുടക്കുന്നവന് നല്ല യാത്രാസൗകര്യം മുൻകൂറായി ചെയ്തു കൊടുക്കുന്ന സമ്പ്രദായം ഇതിനുത്തമ ഉദാഹരണമാണ്. എന്നാൽ നല്ല സാമ്പത്തിക സ്ഥിതിയില്ലാത്ത പലരുടെയും യാത്ര എല്ലായ്പോഴും ദുഷ്കരം തന്നെയാണ്.

ഇത്തരത്തിലൊക്കെയാണെങ്കിലും ഇന്ത്യ ഒട്ടും തന്നെ പുറകിലല്ല. ഈ സ്ഥിതിയിലും ഇന്ത്യ ഒരു സൈനിക ശക്തിയായി ഉയർന്നുവന്നു. ഇത്തരത്തിലുള്ള വളർച്ച മറ്റു പല രാജ്യങ്ങൾക്കും ഭീഷണിയായി. നമ്മുടെ രാജ്യത്തെ ഒട്ടുമിക്ക മരണ

**പണമുള്ളവന് ഏതു തരത്തിലുള്ള സേവനം നൽകുവാനുള്ള പരിതസ്ഥിതി ഇന്ന് നമ്മുടെ രാജ്യത്ത് സംജാതമാണ്. യാത്രയ്ക്കുവേണ്ടി കൂടുതൽ പണം മുടക്കുന്നവന് നല്ല യാത്രാസൗകര്യം മുൻകൂറായി ചെയ്തുകൊടുക്കുന്ന സമ്പ്രദായം ഇതിനുത്തമ ഉദാഹരണമാണ്. എന്നാൽ നല്ല സാമ്പത്തിക സ്ഥിതിയില്ലാത്ത പലരുടെയും യാത്ര എല്ലായ്പോഴും ദുഷ്കരം തന്നെയാണ്.**

---

ങ്ങൾക്കും കാരണം കടബാദ്ധ്യതയും പകർച്ച വ്യാധികളും, മറ്റു മാരകമായ അസുഖങ്ങളുമാണ്. ഈ മരണത്തിന്റെ കണക്ക് യുദ്ധംകൊണ്ടോ അണ്വായുധം കൊണ്ടോ ഉണ്ടാകുന്നതല്ല. ഇന്ന് നമ്മുടെ രാജ്യത്ത് നിലവിൽ വരുത്താൻ ശ്രമിച്ച ആണവക്കരാർ കൊണ്ട് വൈദ്യുതി ഉദ്പാദനം നടത്താം എന്ന ധാരണയിലാണ് സർക്കാർ ഈ ചുവടുവെപ്പ് നടത്തുന്നത്. എന്നാൽ ഈ കരാറിലൂടെ നാം നമ്മുടെ രാജ്യത്തെ നശിപ്പിക്കുവാനാണ് പോകുന്നത്. ഈ കരാർ നിലവിൽ വന്നാൽ വിദേശശക്തികൾ നമ്മുടെ പ്രകൃതി സ്രോതസ്സുകൾ കൈയ്യേറും. അതിനെതിരെ നമുക്ക് ഒന്നും തന്നെ ചെയ്യാൻ സാധിക്കുകയില്ല. ഇത്തരത്തിലുള്ള ചൂഷണങ്ങൾ മൂലം നമുക്ക് നമ്മുടെ പ്രകൃതി സ്രോതസ്സുകൾ നഷ്ടമാകും. മാത്രമല്ല ഈ സഖ്യം മൂലം നമുക്ക് അയൽരാജ്യങ്ങളിൽനിന്നും കൂടുതൽ ശത്രുക്കാർ ഉണ്ടാവുകയും ചെയ്യും. നമ്മുടെ രാജ്യത്തിന് അമേരിക്ക പങ്കെടുക്കുന്ന യുദ്ധത്തിന്റേയെല്ലാം ഭാഗമാകേണ്ടിവരും. നമ്മുടെ പ്രധാനമന്ത്രി രാജ്യത്തെ ജനങ്ങളുടെ പൊതുതാല്പര്യം കണക്കിലെടുക്കാതെ അമേരിക്കയ്ക്കൊപ്പം സഖ്യം ചേരാൻ തീരുമാനമെടുത്തിരിക്കുന്നു. ഇത് മുൻ കാലങ്ങളിൽ ഭാരതം സ്വീകരിച്ചുവന്നിരുന്ന വിദേശനയങ്ങളിൽനിന്നും വ്യത്യസ്തമാണ്. ലോകത്ത് സമാധാനം നിലനിർത്തുന്നതിന് നേതൃത്വം വഹിച്ചിരുന്ന നമ്മുടെ രാജ്യം ഇന്ന് അമേരിക്കയ്ക്കൊപ്പം ചേർന്ന് ഒരു പുതിയ സഖ്യം ഉണ്ടാക്കുകയാണ്.

2001 ന് ശേഷം രാജ്യത്ത് വർദ്ധിച്ചുവരുന്ന തീവ്രവാദി ആക്രമണത്തിൽ യാതൊരുവിധ ആകസ്മികതയുമില്ല. ഈ ആക്രമണത്തിന് കാരണം നാം അമേരിക്കയുമായി ഉണ്ടാക്കിയ ബന്ധമാണ്. ബാബറി മസ്ജിദ് പൊളിച്ചശേഷം നമ്മുടെ രാജ്യത്ത് പല കലാപങ്ങളുമുണ്ടായി. ഇത് രാഷ്ട്രീയപരമായ പല മാറ്റങ്ങൾക്കും വഴിയൊരുക്കി. ഇതിനുശേഷം ശാന്തമായൊരന്തരീക്ഷം നമ്മുടെ രാജ്യത്തുണ്ടായെങ്കിലും പല ആക്രമണങ്ങളും തീവ്രവാദികൾ അഴിച്ചുവിട്ടു. പാർലമെന്റ് ആക്രമണം തന്നെ ഇതിനുത്തമ ഉദാഹരണമാണ്. ഇതിനുശേഷം നമ്മുടെ രാജ്യത്തെ ഭീതിയിലാഴ്ത്തുന്ന പലപല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. എത്രത്തോളം അടിച്ചമർത്താൻ ശ്രമിച്ചിട്ടും നക്സലിസവും തീവ്രവാദി ആക്രമണവും നമ്മുടെ രാജ്യത്തിന് വീണ്ടും വീണ്ടും നേരിടേണ്ടിവരുന്നു. പ്രതികാര ബുദ്ധിയോടുകൂടി പ്രശ്നത്തെ പരിഹരിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. എന്നാൽ ഈ പ്രശ്നങ്ങളെല്ലാം രാഷ്ട്രീയപരമായി നേരിടേണ്ടതാണ് എന്നവർ മനസ്സിലാക്കുന്നില്ല. ഇത്തരത്തിലുള്ള ഗവൺമെന്റ് നയങ്ങൾക്ക് ഇരയാവുന്നത് സാധാരണക്കാരായ ജനങ്ങളാണ്. വളരെ പ്രമുഖരും പ്രശസ്തരുമായ പല വ്യക്തികളും ഗവൺമെന്റിന്റെ ഈ നയത്തിന് ഇരകളായിട്ടുണ്ട്. ഉദാഹരണത്തിന് സയിദ് അബ്ദുൾ റഹ്മാൻ ഗിലാനി, ബിനായക് സെൻ, 8 വർഷം തുടർച്ചയായി ഡാർക്കോണിയൻ സൈനിക ശക്തിയോടുള്ള നയങ്ങൾ മാറ്റണമെന്നാവശ്യപ്പെട്ട് നിരാഹാരമനുഷ്ടിച്ചു ഇറോം ഷർമിളയ്ക്ക് ജെയിൽ ശിക്ഷ നൽകിയാണ് സമൂഹം സ്വീകരിച്ചത്. നമ്മുടെ സർക്കാരിന് രാജ്യത്തെ ജനങ്ങളോട് എങ്ങനെ പെരുമാറണമെന്നറിയില്ല. മറിച്ച് രാജ്യത്തെ തിരഞ്ഞെടുത്ത ചില പ്രമുഖരോട് നല്ല രീതിയിൽ പെരുമാറാൻ ഗവൺമെന്റിനു സാധിക്കും. അവരവരുടെ ആവശ്യങ്ങൾ സാധിക്കുന്നതിനുവേണ്ടി തൊഴിലാളികളും കൃഷിക്കാരും പലപ്പോഴും അവരുടെ സ്ഥലവും കൃഷിയിടവും സംരക്ഷിക്കാൻ പാടുപെടുകയുള്ളൂ.

ഇന്ത്യയിൽ ഭൂരിപക്ഷം വരുന്ന ജനങ്ങൾക്കും 'സ്വാതന്ത്ര്യം' എന്താണെന്ന് കൃത്യമായി അറിയില്ല. ഇന്ത്യക്കാരൻ ഇപ്പോഴും രണ്ടാംതരക്കാരനായി കഴിഞ്ഞുകൂടുകയാണ്. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കുന്നതിനുവേണ്ടി തനിക്കുള്ള അവകാശങ്ങൾ ഒന്നും തന്നെ അറിയാതെ അവൻ പാടുപെടുന്നു. രാജ്യത്തെ നിയമങ്ങളും നിയമം നടപ്പാക്കുന്ന ഉദ്യോഗസ്ഥരും ഒരിക്കലും നമ്മുടെ രാജ്യത്തിന് സംരക്ഷണം നൽകുന്നില്ല. ഇവരൊക്കെ നമ്മുടെ രാജ്യത്തിന് സ്വയം ഭീഷണിയായി മാറുന്ന ഒരു സ്ഥിതിവിശേഷമാണ് ഇവിടെ സംജാതമാകുന്നത്.

ashaashram@yahoo.com

വിവർത്തനം : അഥീന സുന്ദർ
ക്ലാസ്സ് എട്ട്, സൽസബീൽ ഗ്രീൻ സ്കൂൾ, കിരാലൂർ, തൃശൂർ.

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

**P.G. Centre**

**North Bus Stand, Thrissur-20.**

Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com